# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2239** **6-2-2019 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൽദോസ്. പി കുന്നപ്പിള്ളിൽ:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** | |
| (എ) | എസ്.ആർ.ഒ നമ്പർ 682/2018 പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള വ്യവസ്ഥ വ്യക്തമാക്കാമോ; | (എ) | എസ്.ആർ.ഒ നമ്പർ 682/2018 പ്രകാരം ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 1:1 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ നിയമനവുമാണ് നടത്തേണ്ടത്.ടി റൂളിന്റെ വിജ്ഞാപന തീയതിയായ 28.09.2018 മുതൽക്കാണ് നേരിട്ടുള്ള നിയമനം സംബന്ധിച്ച വ്യവസ്ഥ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. |
| (ബി) | ഈ വ്യവസ്ഥ അനുസരിച്ച് 29-1-2018 വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായ ഒഴിവുകൾ നികത്തേണ്ടത് എപ്രകാരമെന്നും ഏത് അനുപാതത്തിലാണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത കാലയളവിലെ ഒഴിവുകൾ പൂർണ്ണമായും ബൈട്രാൻസ്ഫർ വഴിയാണ് നികത്തേണ്ടത്. |
| (സി | 29-1-2013 മുതൽ 25-1-2018 വരയുള്ള കാലഘട്ടത്തിൽ ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകൾ എത്ര; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | (സി) | ടി കാലയളവിൽ 29 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇവയൊന്നും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | നിയമപ്രകാരം പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ എത്ര; പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | എസ്.ആർ.ഒ നമ്പർ 682/2018 ലെ വ്യവസ്ഥ പ്രകാരം ടി റൂൾ നിലവിൽ വന്ന 28.9.2018 വരെയുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല. |
| (ഇ) | 29-1-2013 മുതൽ 25-9-2018 വരെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ ബൈട്രാൻസ്ഫർ മുഖേന | (ഇ) | 51 പേർക്ക്. |

| | | | |
|---|---|---|---|
| | സ്ഥിരനിയമനം നൽകിയത് എത്ര പേർക്കെന്ന് വ്യക്തമാക്കാമോ; | | |
| (എഫ്) | ബൈട്രാൻസ്ഫർ മുഖേന സ്ഥിര നിയമനം നൽകിയത് ഏത് സ്പെഷ്യൽ റൂൾ പ്രകാരമാണെന്നും ഏത് അനുപാതത്തിലാണെന്നും വ്യക്തമാക്കാമോ? | (എഫ്) | എസ്.ആർ.ഒ നമ്പർ 682/2018 സ്പെഷ്യൽ റൂൾസും ,27-12-2018 ലെ G.O.(Rt) 652/2018/CAD നമ്പർ സർക്കാർ ഉത്തരവും പ്രകാരമാണ് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സീനിയോറിറ്റി ക്രമത്തിൽ 28.09.2018 ന് മുൻപുള്ള ഒഴിവുകളിൽ പൂർണ്ണമായും ബൈട്രാൻസ്ഫർ വഴി സ്ഥിര നിയമനം നൽകിയത്. |

Chithralekha RL

സെക്ഷൻ ഓഫീസർ